കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വേളൂക്കര ഗ്രാമപഞ്ചായത്ത്
# 2016-2017
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
Email.dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)1518/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020
ഫോൺ – 0487 2331249
ഇ മെയിൽ- dotsr.ksad@kerala.gov.in
തിയ്യതി: 30.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വേളൂക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വേളൂക്കര ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

---------------------------------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡിക 2-1, ഭാഗം 3 ലെ ഖണ്ഡിക 3-3 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)1518/2017 തിയ്യതി: 30.11.2017

# തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -
വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 22.11.2016മുതൽ 11-9-17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 31/3/17 വരെ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾക്കുള്ള മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.9.2017 മുതൽ 19.9.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീമതി.ഷീന.കെ.ടി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ബിത.ടി.സ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുമിത ടി.എസ്, | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ധന്യ എ.സുരേന്ദ്രൻ | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ഇന്ദിര തിലകൻ | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ.കെ.എഫ് ആന്റണി | 1.4.2016മുതൽ 31.3.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.കെ.പി.അനിൽ | 1.4.2016 മുതൽ 23.12.2016 വരെ |
| | ഒഴിവ് | 24.12.2016 മുതൽ 30.12.2016 വരെ |
| | ശീമതി.രജനി.എം.കെ | 31.12.2016 മുതൽ 31.3.2017 വരെ |
| അസി.എഞ്ചിനീയർ | ശ്രുതി എൻ സുബ്രഹ്മണ്യൻ | 01.4.2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.തോമാസ് പി.ഒ | 1.4.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതി.സിനി | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽഓഫീസർ,പി.എച്ച്.സി, | ഡോ.തനൂജ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽഓഫീസർ,ആയുർവേദം | ഡോ.നിമ്മി.എം.എ. | 1.4.2016 മുതൽ 25.8.2016 വരെ |
| | ഡോ.സ്മിത.ടി.വി | 26.8.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.പി സി.ശ്രീലത | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സിജി | 1.4.2016മുതൽ |

| | | |
|---|---|---|
| | | 31.3.2017 വരെ |
| വിഇഒ, കൊറ്റനല്ലൂർ | ശ്രീ.ടി.വി.ബിനോയ് | 1.4.2016 മുതൽ 11.10.2016 വരെ (12.10.2016 മുതൽ 31.03.2017 വരെ ഒഴിവ്) |
| വിഇഒ, നടവരമ്പ് | ശ്രീമതി.സന്ധ്യ | 1.4.2016 മുതൽ 31.3.2017 വരെ |
| പ്രധാനാദ്ധ്യാപിക, ജി.യു.പി.എസ് കട്ടപ്പശ്ശേരി | ശ്രീമതി.സ്റ്റെല്ല മരിയ | 1.4.2016 മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.നിഷ | 1.4.2016 മുതൽ 31.3.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1.8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1.9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.10 |
| | ഭാഗം 2 | |

| | | |
|---|---|---|
| 11 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്-കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിന് വിരുദ്ധം | 2.1 |
| 12 | വിമുക്തഭടന്മാരുടെ വസ്തുനികുതി -ഇളവ് അനുവദിക്കാത്ത വ്യക്തിയുടെ ഭവനത്തിന് നികുതി കുടിശ്ശിക | 2.2 |
| 13 | ആയൂർവേദ സുഖചികിത്സാകേന്ദ്രത്തിന് ആയൂർവേദ ആശുപത്രിക്ക് ബാധകമായ നികുതി നിശ്ചയിച്ചു. പഞ്ചായത്തിന് വരുമാന നഷ്ടം | 2.3 |
| 14 | മൊബൈൽ ടവർ-വസ്തുനികുതി കുടിശ്ശിക | 2.4 |
| 15 | റഗുലറൈസേഷൻ ഫീ ഈടാക്കിയത് കുറവ് | 2.5 |
| 16 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചു | 2.6 |
| 17 | അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2.7 |
| 18 | മണ്ണ് ലേലം ചെയ്യാതെ പഞ്ചായത്തിനു വരുമാനനഷ്ടം ഉണ്ടായിരിക്കുന്നു | 2.8 |
| 19 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2.9 |
| 20 | പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു | 2.10 |
| 21 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല | 2.11 |
| 22 | ലൈസൻസില്ലാതെ കോഴിഫാമുകൾ പ്രവർത്തിച്ചതിനെതിരെ നടപടി എടുത്തില്ല | 2.12 |
| ഭാഗം 3 | | |
| 23 | നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് വൈദ്യുതി ചാർജ് അടവാക്കുന്നു- മാസം തോറും നഷ്ടം ഏകദേശം 25000/ രൂപ | 3.1 |
| 24 | ഗ്രാമജാലകം സാംസ്കാരികപ്പതിപ്പ്. | 3.2 |
| 25 | വി.ഇ.ഒ നിർവഹണോദ്യോഗസ്ഥനായ ബയോഗ്യാസ് പ്ലാന്റ് പദ്ധതി-പദ്ധതി വിഹിതം അധികം പിൻവലിച്ചു. | 3.3 |
| 26 | വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായ കന്നുകുട്ടിപരിപാലന പദ്ധതി-അപാകതകൾ | 3.4 |

| | | |
|---|---|---|
| 27 | മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പാലിയേറ്റീവ് കെയർ പദ്ധതി-കാരുണ്യ ഫാർമസിയിൽ നിന്നും മരുന്ന് ലഭ്യമാകുന്നതിന് കാലതാമസം | 3.5 |
| 28 | ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് നടത്തിയ പണികൾ- മണ്ണ് കൊണ്ടുവന്ന രേഖകൾ ഹാജരാക്കിയില്ല | 3.6 |
| 29 | എസ്.എസ്. എ - വിനിയോഗ സാക്ഷ്യപത്രം ഇല്ല | 3.7 |
| 30 | വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3.8 |
| 31 | ബാലസഭാ ശാക്തീകരണം – ജനറൽ | 3.9 |
| 32 | ആദായനികുതി ഈടാക്കേണ്ടതാണ് | 3.10 |
| 33 | അംങ്കണവാടികളുടെ വൈദ്യുതീകരണം-നിർവ്വഹണത്തിലെ അപാകതകൾ | 3.11 |
| 34 | കുടിവെള്ളത്തിനായി ബോർവെല്ലുകൾ സ്ഥാപിച്ചു-പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ലഭ്യമായില്ല | 3.12 |
| 35 | ഗുണഭോക്തൃസമിതി പ്രവൃത്തി-ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 3.13 |
| ഭാഗം 4 | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 41 | ഓഡിറ്റ് റിക്കവറി | 4.6 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| 44 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 02-03-2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 92868650 രൂപയും ചെലവ് 96323000 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 12.6.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

അപാകതകൾ

1.നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.
2.സഞ്ചയ സാംഖ്യ മാപ്പിങ്ങ് പൂർത്തീകരിക്കാത്തതിനാൽ വസ്തു നികുതി കളക്ഷൻ തുക സഞ്ചയ, സാംഖ്യ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3.സംയുക്ത പ്രൊജക്ടുകൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പ്രസ്തുത തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B18 ൽ ഉൾപ്പെടുത്തിയിട്ടില്ല.
2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിലെ ഇൻകം&എക്സ്പെൻഡീച്ചർ പത്രിക, രസീറ്റ്&പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12537030 |
| വരവ് | 49792928 |
| ആകെ | 62329958 |
| ചെലവ് | 46541471 |
| നീക്കിയിരിപ്പ് | 15788487 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 10988422 | 9839221 | 10.5 |
| വികസനഫണ്ട് എസ്.സി.പി. | 9141501 | 5784686 | 36.7 |

| | | | |
|---|---|---|---|
| വികസനഫണ്ട്, ടി.സ്.പി. | 122142 | 71950 | 41.1 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2986419 | 1945991 | 34.8 |
| സംരക്ഷണഗ്രാന്റ് റോഡ് | 13912395 | 4683253 | 66.3 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6161912 | 2669421 | 56.7 |
| KLGSDP | 3630219 | 882179 | 24 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 57906049 | 98 | 30507227 | 76 | 3 | 55.36 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4265383 | 5270740 | 1005357 | +23.5 |
| നികുതിയേതര വരവുകൾ | 894943 | 743601 | -151342 | -16.9 |
| മറ്റുവരവുകൾ | 10199142 | 5555864 | -4643278 | -45.5 |
| ആകെ | 15359518 | 11570205 | -3789317 | -24.7 |

## 1-8-ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.9.17 തീയതിയിൽ 3 പി.എം ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9467/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9-ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-08-17മുതൽ 23-08-17വരെ | 7/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-01-14 മുതൽ 10-02-14 വരെ | 2008-09 മുതൽ 2012-13 വരെ | 29-3-14 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്-കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിന് വിരുദ്ധം

ഫയൽ നമ്പർ : എ6-5193/15

പഞ്ചായത്ത് പുതുതായി പണിയുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ ആകെ വിസ്തീർണ്ണം അനുവദനീയമായ കവറേജിന്റെ 3.94% അധികമായതിനാലും ടോയ്‌ലറ്റ് സൗകര്യം പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിന് വിരുദ്ധമാണെന്ന അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പരിഗണിക്കേണ്ടതാണെന്ന് സെക്രട്ടറി കമ്മിറ്റിയെ അറിയിച്ചെങ്കിലും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് ലഭിച്ച എം.എൽ.എ ഫണ്ട് പാഴായിപ്പോകുമെന്ന കാരണം ചൂണ്ടിക്കാട്ടി പഞ്ചായത്ത് കമ്മിറ്റിയുടെ 4(3)/10.2.2017 ലെ തീരുമാനപ്രകാരം പ്രസ്തുത പ്ലാൻ തന്നെ അംഗീകരിക്കുവാൻ തീരുമാനമെടുത്തു. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ റൂൾ 9(1) പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാണ്.

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കോസ്റ്റ്ഫോർഡുമായി കരാറിൽ ഏർപ്പെട്ടതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. പുതുക്കിയ പ്ലാൻ സമർപ്പിച്ചിട്ടുള്ളതായി മറുപടി നൽകിയെങ്കിലും പ്ലാൻ ഫയലിൽ ഇല്ല. കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ റൂൾ 7(11) പ്രകാരമുള്ള വിശദാംശങ്ങൾ ഉൾപ്പെടാതെയുള്ള പ്ലാൻ ആണ് കോസ്റ്റ്ഫോർഡ് സമർപ്പിച്ചിട്ടുള്ളത്.

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിന് അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 9/19.9.17).

## 2-2 വിമുക്തഭടന്മാരുടെ വസ്തുനികുതി-ഇളവ് അനുവദിക്കാത്ത വ്യക്തിയുടെ ഭവനത്തിന് നികുതി കുടിശ്ശിക

വിമുക്തഭടന്മാരുടെ വസ്തുനികുതി ഇളവ് സംബന്ധിച്ച് രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിട നമ്പർ 14/505 ശ്രീ ബാബു.കെ.സി കൊല്ലംപറമ്പിൽ, കൊറ്റനെല്ലൂർ എന്ന വ്യക്തിയുടെ വാസഗൃഹത്തിന് 203 $m^2$ വിസ്തീർണ്ണം ഉള്ളതിനാൽ വസ്തുനികുതി ഇളവ് അനുവദിക്കാൻ സാധിക്കില്ല എന്ന് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറി നം. 10/19.9.17 ന് നൽകിയ മറുപടി പ്രകാരം മേൽ വ്യക്തി 2013-14 മുതൽ വസ്തുനികുതി അടവാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക തുക ഈടാക്കാത്തത് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243(3)

പ്രകാരം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 2-3 ആയുർവേദ സുഖചികിത്സാകേന്ദ്രത്തിന് ആയുർവേദ ആശുപത്രിക്ക് ബാധകമായ നികുതി നിശ്ചയിച്ചു-പഞ്ചായത്തിന് വരുമാന നഷ്ടം

കെട്ടിട നമ്പർ 17/124, സോപാനം വെൽകെയർ സെന്റർ(പ്രൈ) ലിമിറ്റഡ്,നടവരമ്പ്, ഇരിങ്ങാലക്കുട എന്ന ആയുർവേദ സുഖചികിത്സാ സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയ ഫോറം നമ്പർ-6 പരിശോധിച്ചതിൽ 2506.61 $m^2$ വിസ്തീർണ്ണമുള്ള പ്രസ്തുത സ്ഥാപനത്തിന് $1m^2$ ന് 6 രൂപ നിരക്കിൽ ആണ് നികുതി നിശ്ചയിച്ചിരിക്കുന്നത് (15792/- രൂപ). പഞ്ചായത്ത് ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന നിരക്ക് $1m^2$ ന് 150/- രൂപയാണ്. 2016-17 ലെ ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപന ഉടമ സുഖചികിത്സാ കേന്ദ്രം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് അപേക്ഷയോടൊപ്പം കരം അടവാക്കിയ രസീതിലും സോപാനം ആയുർവേദ റിസോർട്ട് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ മേൽ സ്ഥാപനത്തിന്റെ വസ്തുനികുതി പുനർനിർണ്ണയം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവർ-വസ്തുനികുതി കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | 11/85 | 29847 | 2016-17, 2017-18 |
| 2 | 14/509 | 24901 | 2015-16 മുതൽ 2017-18 വരെ |
| 3 | 16/248 | 28236 | 2013-14 മുതൽ 2017-18 വരെ |
| 4 | 17/468 | 14034 | 2016-17 മുതൽ 2017-18 വരെ |
| 5 | 18/401 | 87503 | 2013-14 മുതൽ 2017-18 വരെ |
| | ആകെ | 184521 | |

കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243(3) പ്രകാരം കാലഹരണപ്പെട്ട നികുതി കുടിശ്ശിക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കേണ്ടതാണ്.

## 2-5 റഗുലറൈസേഷൻ ഫീ ഈടാക്കിയത് കുറവ്

താഴെ പറയുന്ന കെട്ടിടങ്ങൾ റഗുലറൈസേഷന് അപേക്ഷ സമർപ്പിക്കുകയും അപേക്ഷകൾ റഗുലറൈസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫീ ഈടാക്കിയതിൽ താഴെ പറയും പ്രകാരം കുറവ് കാണുന്നു.

| കെട്ടിട നമ്പർ | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|
| 4/232 എ മനൂപ് ആന്റ് | 10.14x3x2=61 | 10.14x5x2=101 | 40 |

| | | | |
|---|---|---|---|
| ആനൂപ്,തയ്യിൽ വീട് | | | |
| 5/442 ബി ജോജി പോൾ, കോക്കാട്ട് | 62.46x2x3=375 | 62.46x5x2=625 | 250 |
| 18/220എ, റോബി തോമാസ്, പയ്യപ്പിള്ളി | 42.25x3x2=254 | 42.25x5x2=423 | 169 |
| | ആകെ | | 459 |

കുറവ് വന്ന തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചു

4/232എ മനൂപ് ആന്റ് അനൂപ് , തയ്യിൽ വീട് എന്ന വ്യക്തിയുടെ ഫുഡ് പ്രോസസ്സിംഗ് യൂണിറ്റിന് (147.81 $m^2$) 10 രൂപ നിരക്കിൽ ആണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഫുഡ് പ്രോസസ്സിംഗ് യൂണിറ്റിന് ഇതര വ്യവസായ ആവശ്യങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി (1$m^2$ ന് 45 രൂപ) ഈടാക്കേണ്ടിയിരുന്നത്. നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

## 2-7 അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ക്രമവൽക്കരണം നടത്താത്ത കെട്ടിടങ്ങൾ ഉള്ളതായി കാണുകയുണ്ടായി. പ്രസ്തുത കെട്ടിടങ്ങളെ UA രജിസ്റ്ററിൽ ഉൾപ്പെടുത്തി ഈ കെട്ടിടങ്ങളിൽ നിന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് 235 എ.എ(1) പ്രകാരം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടിവരുന്ന വസ്തുനികുതിയോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുവരുന്ന നികുതി ഈടാക്കേണ്ടതാണ്.

## 2-8 മണ്ണ് ലേലം ചെയ്യാതെ പഞ്ചായത്തിനു വരുമാനനഷ്ടം ഉണ്ടായിരിക്കുന്നു.

പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിക്കുവാനുള്ള സ്ഥലം നിരപ്പാക്കിയപ്പോൾ നീക്കം ചെയ്യപ്പെട്ട 271.91 $m^3$ മണ്ണ് (AEയുടെ റിപ്പോർട്ട് പ്രകാരം) ലേലം ചെയ്യുവാൻ സെക്രട്ടറി പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി. എന്നാൽ ലേല നടപടികൾ പൂർത്തിയാക്കാൻ കാലതാമസം എടുക്കുമെന്ന കാരണത്താൽ 10.02.2017ലെ 4(17) ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം പ്രൊജക്ടിലുൾപ്പെടാത്ത വിവിധ റോഡുകളുടെ ഫില്ലിങ്ങിന് മണ്ണ് ഉപയോഗിക്കാൻ തീരുമാനിച്ചു. പഞ്ചായത്തിന്റെ A6-5193/15ാം നമ്പർ ഫയൽ പരിശോധിച്ചതിൽ കുറ്റിക്കാടൻമൂല-കല്ലുംകുന്ന് എസ്.ടി കോളനി റോഡ്, ചെങ്ങാറ്റുംമുറി-മഞ്ഞനംമൂല റോഡ് എന്നിവയുടെ ഫില്ലിങ്ങിനായി 27 ലോഡു മണ്ണ് ഉപയോഗിച്ചയായി കാണുന്നു.

എൻക്വയറി നമ്പർ 7 തീയതി 19.9.17ന് 136$m^3$ മണ്ണ് ടി റോഡുകളുടെ ഫില്ലിങ്ങിനായി ഉപയോഗിച്ചതായി മറുപടി നൽകിയിട്ടുണ്ട്. AEയുടെ സാക്ഷ്യപ്പെടുത്തലല്ലാതെ മറ്റു രേഖകളൊന്നും തന്നെ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ബാക്കിയുള്ള 136 $m^3$ ഓളം മണ്ണ് ലേലം ചെയ്യാതെ കോമ്പൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്നു. വരുമാന നഷ്ടം ഉണ്ടാക്കാതെ മണ്ണ് ലേലം ചെയ്യാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-9 തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിലെ സ്ഥാപന തൊഴിൽ നികുതി താഴെ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ അടച്ചിട്ടില്ല.

1)ഉമ്പൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്

2)ഹോളി ഫാമിലി എൽ.പി സ്കൂൾ

3)പട്ടേപ്പാടം ക്ഷീരോത്പാദക സഹകരണ സംഘം

4.നടവരമ്പ് കൈത്തറി വ്യവസായ സഹകരണ സംഘം

5.സോപാനം വെൽ കെയർ സെന്റർ

ഇതിൽ സോപാനം വെൽ കെയർ സെന്റർ എംപ്ലോയീസിന്റെ തൊഴിൽ നികുതിയും അടച്ചിട്ടില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-10 പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു

1997-ലെ കേരള പഞ്ചായത്ത് രാജ് സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. എന്നാൽ പ്രശാന്തി ഹോമിയോസ് എന്ന സ്ഥാപനം രജിസ്ട്രേഷൻ പുതുക്കാതെ നിലവിൽ പ്രവർത്തിച്ചു വരുന്നതും പഞ്ചായത്ത് അതിനെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തതുമാണ്.

## 2-11 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല

താഴെ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

| ക്രമ നമ്പർ/ തിയതി | ഫയൽ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെപേര് | സ്ഥാപനം |
|---|---|---|---|---|
| 1 | A3 1306/15-04-2017 | 8/300 | പ്രകാശൻ ഒളിയമ്പാടത്ത് | അപ്ഹോൾസ്റ്ററി വർക്ക് ഷോപ്പ് |
| 2 | A3-1306/15-04-2017 | 8/300 | എലിസബത്ത് റാണി | റേഷൻ കട |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232(1) വകുപ്പ് പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെ പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും

അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3ന് അനുബന്ധമായിട്ടുള്ള പട്ടികയിൽ 149ാമത്തെ ഇനമായി റീട്ടെയ്ൽ റേഷൻ ഡിപ്പോ,മാവേലി സ്റ്റോർ,കൺസ്യൂമർ സ്റ്റോർ മുതലായ നടത്തിപ്പ് എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 പ്രകാരം ഡി ആന്റ് ഒ ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങളിൽ നിന്ന് വകുപ്പുകൾ 204, 205 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരവും സ്ഥാപന തൊഴിൽ നികുതിയോ,ജീവനക്കാരുടെ തൊഴിൽ നികുതിയോ പിരിക്കുന്നതിന് യാതൊരു തടസ്സവും ഇല്ലാത്തതാണ് എന്നും ലൈസൻസ് ഫീസോ തൊഴിൽ നികുതിയോ ഒടുക്കുവാൻ നിയമപരമായി ബാദ്ധ്യസ്ഥരായവരിൽ ഏതെങ്കിലും ഒരു വിഭാഗത്തെ നിയതമല്ലാതെ ഒഴിവാക്കുന്നത് ചട്ടവിരുദ്ധവും അംഗീകരിക്കാൻ കഴിയാത്തതുമാണെന്ന് പഞ്ചായത്ത് ഡയറക്ടർ സ്പഷ്ടീകരണം നൽകിയിട്ടുള്ളതായി പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ 25-08-2017ലെ സി1-7584/17ാം നമ്പർ കത്ത് പ്രകാരം എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരേയും അറിയിച്ചിട്ടുള്ളതാണ്.

എൻക്വയറി നമ്പർ 4ന് പ്രകാശൻ ഒളിയമ്പാടത്ത്, എലിസബത്ത് റാണി എന്നിവരെക്കൊണ്ട് ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

## 2-12 <u>ലൈസൻസില്ലാതെ കോഴിഫാമുകൾ പ്രവർത്തിച്ചതിനെതിരെ നടപടി എടുത്തില്ല</u>

താഴെ പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കോഴിഫാമുകൾക്ക് 2016-17 സാമ്പത്തിക വർഷത്തിൽ ലൈസൻസിനു അപേക്ഷ നൽകിയിട്ടും ലൈസൻസ് നൽകിയില്ല. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയിട്ടുമുണ്ട്.

1. പുഷ്കരൻ കെ.എ, കൊളങ്ങര, ഉമ്പൂർ പി.ഒ
2. തോമസ് സി.സി, ചെരടായി, അവിട്ടത്തൂർ പി.ഒ
3. ശ്രീധരൻ, കൊളങ്ങര, ഉമ്പൂർ പി.ഒ
4. ജിജി ജോഷി, ചെരടായി, കൊറ്റനല്ലൂർ പി.ഒ
5. ഷാ എ.കെ, ആലയിൽ, കടുപ്പശ്ശേരി പി.ഒ

ലൈസൻസ് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ എൻക്വയറി നമ്പർ 3 പ്രകാരം ആവശ്യപ്പെട്ടപ്പോൾ മേൽപ്പറഞ്ഞവർ ലൈൻസിനുള്ള ഫീസ് അടച്ചിട്ടുള്ളതും ലൈസൻസ് ആവശ്യപ്പെട്ട് പഞ്ചായത്തിൽ വരാതിരുന്നതിനാലാണ് ലൈസൻസ് നൽകാതിരുന്നത് എന്ന് മറുപടി നൽകിയിരിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം 255 പ്രകാരം ചട്ടലംഘനത്തിന് ആയിരം രൂപയോളം വരുന്ന പിഴയോ അഥവാ തുടർന്നു വരുന്ന ലംഘനത്തിന്റെ കാര്യത്തിൽ ആദ്യത്തെ ലംഘനത്തിന് കുറ്റസ്ഥാപനം ചെയ്തതിനു ശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത പിഴയോ ചുമത്തി ശിക്ഷിക്കാവുന്നതാണ്.

താഴെ പറഞ്ഞിരിക്കുന്ന വ്യക്തികൾ  പൗൾട്രി ഫാമുകൾക്ക് ലൈസൻസിന് അപേക്ഷ സമർപ്പിച്ചിരുന്നു എങ്കിലും ലൈസൻസ് നൽകിയിട്ടില്ലാത്തതാണ്.

1. ചന്ദ്രശേഖരൻ, കൊളങ്ങര വീട്, വാർഡ് 2
2. ഗിരീഷ്, കിഴക്കേവളപ്പിൽ, വാർഡ് 1

3. ആഷാ സേവ്യർ, മാഞ്ഞൂരാൻ

ലൈസൻസില്ലാതെ പൗൾട്രി ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് വൈദ്യുതി ചാർജ് അടവാക്കുന്നു- മാസം തോറും നഷ്ടം ഏകദേശം 25000/ രൂപ

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു കൊണ്ടുള്ള, ഇലക്ട്രിസിറ്റി ബോർഡ് അസി.എഞ്ചിനീയർ, വെള്ളാങ്കല്ലൂർ സെക്ഷന്റെ, 22/5/2017 ലെ കത്ത് പ്രകാരം, വേളൂക്കര ഗ്രാമപഞ്ചായത്തിൽ 40 വാട്ടിന്റെ 364 ഓർഡിനറി ബൾബുകൾ ഉള്ളതായും, ആയതിന് 66/ രൂപ നിരക്കിൽ ചാർജ് ഈടാക്കുന്നതായും കാണുന്നു. എന്നാൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ എന്ന ഫയൽ പരിശോധനയിൽ, പഞ്ചായത്തിൽ നിലവിൽ ഓർഡിനറി ബൾബുകൾ ഉള്ളതായി കാണുന്നില്ല. നിലവിലില്ലാത്ത ഓർഡിനറി ബൾബുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ പഞ്ചായത്തിന് മാസം തോറും ഏതാണ്ട് 25000/ രൂപയോളം നഷ്ടം ഉണ്ട്. ഇത് ഒഴിവാക്കാനായി തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി എണ്ണം നിജപ്പെടുത്തേണ്ടതും , കൂടുതലായി അടവാക്കിയ തുക വരും ബില്ലുകളിൽ നിന്നും കെ.എസ്.ഇ.ബി യിൽ നിന്നും ക്രമീകരിച്ച് വാങ്ങാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 3-2 ഗ്രാമജാലകം സാംസ്കാരികപ്പതിപ്പ്.

നിർവ്വഹണോദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്സ്, ജി.യു. പി.എസ്, കടുപ്പശ്ശേരി

A പദ്ധതി നമ്പർ 14/17 ഗ്രാമജാലകം സാംസ്കാരികപതിപ്പ് (സ്പിൽ ഓവർ)

തനതുഫണ്ട് അടങ്കൽ തുക 50000 രൂപ

ചെലവ് 49300 രൂപ

മേൽ പദ്ധതി പ്രകാരം ഗ്രാമജാലകം എന്ന പേരിൽ സാംസ്കാരികപ്പതിപ്പ് അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നതിന് അനുമതി ഇല്ല. എൽസൺസ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് 49300 രൂപ കൈമാറിയതിന്റെ (ചെക്ക് നം. 721102/6.9.16) രേഖ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. ചെലവിന്റെ സാധുത പരിശോധിക്കുന്നതിനാവശ്യമായ മറ്റു രേഖകൾ (പ്രൊജക്ട്, ക്വട്ടേഷൻ, ബില്ലുകൾ , സ്റ്റോക്ക് - വിതരണ വിശദാംശം, ഗ്രാമജാലകം കോപ്പി) ഒന്നും തന്നെ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവു തുക 49300 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

B പദ്ധതി നമ്പർ 49/17 ഗ്രാമജാലകം സാംസ്കാരികപ്പതിപ്പ്.

തനതുഫണ്ട് അടങ്കൽ തുക 50000 രൂപ

ചെലവ് 47200 രൂപ

ഗ്രാമജാലകം സാംസ്കാരികപ്പതിപ്പ് 2017 എന്ന പേരിൽ സാംസ്കാരിക പത്രിക മാസികാ രൂപത്തിൽ അച്ചടിക്കുന്നതിന് ക്വട്ടേഷൻ ലഭിച്ച എൽസൺസ് പ്രിന്റേഴ്സ്എന്ന സ്ഥാപനത്തിന് 47200 രൂപ നൽകി. (ബിൽ നം. 1923 /29.03.17, ചെക്ക് നം. 238764/ 29.03.17) 2000 കോപ്പികൾ അച്ചടിച്ചു. ആയതിന്റെ സ്റ്റോക്ക് വിതരണ വിശദാംശം ലഭ്യമാക്കിയിരുന്നില്ല. ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം

(നം.1/15.09.2017) നൽകിയതിനെ തുടർന്ന് അച്ചടിച്ച കോപ്പികൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കൈമാറിയതായി അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം നടത്തി എന്നതു സംബന്ധിച്ച വിശദാംശം ഇല്ല. സ്റ്റോക്കിലെ രേഖപ്പെടുത്തൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-3 വി.ഇ.ഒ.നിർവഹണോദ്യഗസ്ഥനായ ബയോഗ്യാസ് പ്ലാന്റ് പദ്ധതി-പദ്ധതി വിഹിതം അധികം പിൻവലിച്ചു.

പദ്ധതി നമ്പർ-87/17

അടങ്കൽ-39900/

ചെലവ്-346500

ബയോഗ്യാസ് പ്ലാന്റ് ഒന്നിന് 10438/രൂപ പ്രകാരമാണ് ജെ.ജെ. എന്റർപ്രൈസസ് എന്ന സ്ഥാപനം കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഇതിനായി ഗുണഭോക്തൃവിഹിതം 3000/ രൂപ 33 ഗുണഭോക്താക്കളിൽ നിന്നും പിരിക്കുകയും ആയത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

33 ഗുണഭോക്താക്കൾക്ക് 10438/ രൂപ പ്രകാരം സ്ഥാപനത്തിന് നൽകേണ്ട തുക 344454/ രൂപയാണ്. (33x10438) എന്നാൽ സ്ഥാപനത്തിന് താഴെ പറയുന്ന ബില്ലുകൾ, ചെക്ക് എന്നിവ പ്രകാരം മൊത്തം 346500/ രൂപ നൽകിയിട്ടുണ്ട്.

ബിൽ നം.17-NDVB/2016-17, dt.17/3/17, 187885/

ബിൽ നം.22/NDVB/2016-17, dt.30/3/17, 95615/
ചെക്ക് നം.680813253, dt.31/3/17, 63000/

33 യൂണിറ്റുകൾക്ക് സ്ഥാപനത്തിന് നൽകേണ്ട തുക = 344454/-

മേൽ പ്രകാരം സ്ഥാപനത്തിന് നൽകിയ തുക =346500/-

അധികം നൽകിയ തുക= 2046

പദ്ധതി വിഹിതം ഇനത്തിൽ സ്ഥാപനത്തിന് നൽകാനായി പിൻവലിക്കേണ്ടിയിരുന്നത് യഥാർത്ഥത്തിൽ 245454/ (7438*33) രൂപയാണ്. എന്നാൽ ട്രഷറിയിൽ നിന്നും പിൻവലിച്ചത് 283500/ (95615+187885) രൂപയാണ്.പ്ലാൻ ഫണ്ട് അധികം പിൻവലിച്ചത് 38046/- (283500-245454) രൂപ.

സ്ഥാപനത്തിന് അധികം നൽകിയ 2046/- രൂപാ ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ 19/9/2017 ന് സ്ഥാപനം തിരിച്ച് അടവാക്കിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്ത 99000/- രൂപയിൽ 63000/- രൂപാ മാത്രമാണ് വി.ഇ.ഒ. പിൻവലിച്ച് ജെ.ജെ.എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ ബാക്കിയുള്ള 36000/- രൂപയും , സ്ഥാപനത്തിന് അധികം നൽകിയ 2046/- രൂപാ സ്ഥാപനം തിരിച്ച് 19/9/2017 ൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതും അടക്കം മൊത്തം 38046/ രൂപാ പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-4 വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായ

## കന്നുകുട്ടിപരിപാലന പദ്ധതി--അപാകതകൾ

പദ്ധതി നമ്പർ – 144/17

അടങ്കൽ – 468750/-

ബിൽ നമ്പർ P1/2016-17 തീയതി 15.12.17

ഈ പദ്ധതിയിൽ 75 ഗുണഭോക്താക്കൾക്ക് തീറ്റ വിതരണത്തിനായി 468750/- രൂപാ തൃശ്ശൂർ ജില്ലാ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

പദ്ധതിയിലെ ഗുണഭോക്താവായ ശ്രീ.ശശീന്ദ്രൻ, തറയിൽ എന്ന ഗുണഭോക്താവ് 3/17 ൽ തീറ്റ വിതരണം ആരംഭിച്ചപ്പോൾ മുതൽ തന്നെ തീറ്റ കൈപ്പറ്റിയതായി കാണുന്നില്ല. കന്നുകുട്ടി ചത്തതു കാരണം ഇയാൾ പദ്ധതിയിൽ നിന്നും പിൻവാങ്ങിയതായി വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. ഇയാൾക്ക് വേണ്ടി SLBP യിൽ അടവാക്കിയ പദ്ധതി വിഹിതം 6250/- രൂപാ പദ്ധതി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് തിരികെ ഈടാക്കേണ്ടതാണ്.

## 3-5 മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പാലിയേറ്റീവ് കെയർ പദ്ധതി- കാരുണ്യ ഫാർമസിയിൽ നിന്നും മരുന്ന് ലഭ്യമാകുന്നതിന് കാലതാമസം

ഈ പദ്ധതിയിൽ ബിൽ നം.5/16-17, തീയതി 28/2/17 പ്രകാരം മാറിയ 101982/- രൂപയിൽ, 50000/- രൂപയും, ബിൽ നം.7/16-17 തീയതി 23/3/17 പ്രകാരം മാറിയ 102061/- രൂപയിൽ, 35981/- രൂപയും പദ്ധതിയിലേയ്ക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കാരുണ്യ ഫാർമസിയിലേയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ 50000/- രൂപയിൽ 31522/- രൂപയുടെയും, 35981/- രൂപയിൽ 10340/- രൂപയുടെയും മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-6 ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് നടത്തിയ പണികൾ - മണ്ണ് കൊണ്ടുവന്ന രേഖകൾ ഹാജരാക്കിയില്ല.

അസി.എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായ, ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ, തൊമ്മാന യു.പി.സ്കൂൾ നവീകരണം, ഇൻസിനറേറ്റർ ആന്റ് സൈഡ് റൂഫിംഗ് ഓഫ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ എന്നീ വർക്കുകൾക്ക്, യഥാക്രമം, 39.66, 8.40 ക്യൂബിക് മീറ്റർ മണ്ണ്, കൺവീനർ സ്വന്തം മണ്ണ് ഉപയോഗിച്ച് ഫിൽ ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൺവീനർ സ്വന്തം മണ്ണ് ഉപയോഗിച്ചതിന് ഉപോൽബലകമായ രേഖകൾ, മണ്ണ് കൊണ്ടുവന്ന വാഹനത്തിന്റെ വൗച്ചർ മുതലായവ ഫയലിൽ ലഭ്യമല്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13.11.14 ലെ സർക്കുലർ നം.1/1559/2014 ലെ 6-ാം നമ്പർ നിർദ്ദേശം പ്രകാരം, ഗുണഭോക്തൃസമിതി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകൾ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഗുണഭോക്തൃ സമിതി മാർഗരേഖാ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-7 എസ്.എസ്. എ - വിനിയോഗ സാക്ഷ്യപത്രം ഇല്ല

പ്രൊജക്ട് നം. 40/17 (എസ്.എസ്. എ)

ട്രഷറി ബിൽ നം. 1 / 16 – 17 തി. 29.11. 16

തുക 8,94,121 രൂപ

12 -ാം പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ജി.ഒ(എം.എസ്)4/2016 തസ്വഭവ 11.1.2016 ലെ നിർദ്ദേശാനുസരണം സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ പ്രൊജക്റ്റിനു വേണ്ടി വകയിരുത്തണം. എസ്.എസ്.എ യും വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാണ് അതാത് തലത്തിലുള്ള പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്. അത്തരത്തിൽ തയ്യാറാക്കുന്ന പ്രൊജക്റ്റാണ് ഭരണസമിതി അംഗീകരിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. മാർഗ്ഗരേഖാ നിർദ്ദേശാനുസരണമല്ല പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. 2016-17 വർഷത്തിൽ എസ്.എസ്.എ പഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ ബജറ്റിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് 8,94,921 രൂപയുടെ വിഹിതം എസ്.എസ്.എക്ക് കൈമാറുക മാത്രമാണ് ചെയ്തിട്ടുള്ളത്. കൂടാതെ എസ്.എസ്.എ പ്രൊജക്റ്റിന് തുക കൈമാറുന്നതിന് മുമ്പ് മുൻവർഷം നൽകിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ യിൽ നിന്ന് വാങ്ങേണ്ടതാണെന്ന നിർദ്ദേശമനുസരിച്ച് ആയത് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം .1/ 15. 9.17

## 3-8 വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകൾക്കായി നൽകിയ തുകകൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവ് തുക | അടവാക്കിയ സ്ഥാപനം | തുക അടവാക്കിയതിന്റെ വിവരങ്ങൾ |
|---|---|---|---|
| എ.ബി.സി, പ്രോഗ്രാം | 75000 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | ബിൽ നം.42/16-17, തീ. 16/3/2017 |
| തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കലും, സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കലും | 800000/ | ഇലക്ട്രിസിറ്റി ബോർഡ് | ബിൽ നം.47/29.3.2017<br>-140339/-ബിൽ നം.21<br>തീ. 22.12.2016, 243800/-<br>ബിൽ നം.32 തീ.10.3.2017 തുക 265000/-<br>വൗച്ചർ നം.1317/3/17 തീ. 29.3.2017 -150861/- |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 3-9 ബാലസഭാ ശാക്തീകരണം - ജനറൽ

പദ്ധതി നമ്പർ 181 /17 ബാലസഭാ ശാക്തീകരണം - ജനറൽ

വികസന ഫണ്ട് അടങ്കൽ തുക 35000 രൂപ

ചെലവ് 35000 രൂപ

ട്രഷറി ബിൽ നം. 4 /31.03.17

പദ്ധതി നമ്പർ 182 / 17 – കുടുംബശ്രീ ബാലസഭയിൽ എസ്.സി കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ

അടങ്കൽ തുക 35000 രൂപ

ചെലവ് 30720 രൂപ

പുതുക്കിയ പദ്ധതി മാർഗ്ഗരേഖ ഉത്തരവ് ജി.ഒ.(എം.എസ്)4/2016 തസ്വഭവ 11.1.2016 പ്രകാരം ബാലസഭ/ബാല പഞ്ചായത്ത് പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 35000 രൂപയാണ്. എന്നാൽ മേൽപ്പറഞ്ഞ പ്രകാരം രണ്ട് പദ്ധതികളിലായി 65720 രൂപ ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച തുക 30720 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ഓഡിറ്റ് അന്വേഷണം 2/15.9.17

## 3-10 ആദായനികുതി ഈടാക്കേണ്ടതാണ്.

1.4.16 മുതൽ 31.03.17 വരെയുള്ള കാലയളവിൽ പഞ്ചായത്തിലെ പദ്ധതി-പദ്ധതിയിതര അച്ചടി ജോലികൾ ക്വട്ടേഷൻ മുഖേന എൽസൺസ് പ്രിന്റേഴ്സ് അവിട്ടത്തൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (കമ്മിറ്റി തീരുമാനം നം. 4(11) തിയ്യതി 23.6.16). എന്നാൽ ടി സ്ഥാപനത്തിന്റെ ബില്ലുകൾ പരിശോധിച്ചതിൽ നിയമാനുസൃത ആദായനികുതി (ആദായ വകുപ്പ് നിയമം സെക്ഷൻ 194 സി)പിരിച്ചതായി കാണുന്നില്ല. ഗ്രാമജാലകം സാംസ്കാരികപ്പതിപ്പ് അച്ചടിക്ക് താഴെ കാണിച്ച ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./ചെക്ക് നം. | തുക |
|---|---|---|
| 1 | 721102/6.9.16 | 49300 |
| 2 | 238764/29.3.17 | 47200 |
| ആകെ | | 96500 |

മേൽ തുകയുടെ 1% 965/- രൂപ ആദായനികുതി ഇനത്തിൽ സ്ഥാപനത്തിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം. 11 / 20.9.2017

## 3-11 അംഗൻവാടികളുടെ വൈദ്യുതീകരണം - നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതി നം 11 / 17 വിവിധ അംഗൻവാടികളുടെ വൈദ്യുതീകരണം.

മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

അടങ്കൽ തുക 100000 രൂപ

ചെലവ് 83562 രൂപ

പഞ്ചായത്തിലെ മൂന്ന് അംഗൻവാടികളുടെ വൈദ്യുതീകരണ പ്രവർത്തികൾക്കായി മേൽപ്പറഞ്ഞ തുക വിനിയോഗിച്ചിരിക്കുന്നു. സ ഉ(ആർ.ടി) നം 2878/2015/തസ്വഭവ ഉത്തരവിലെ നിർദ്ദേശാനുസരണം ജില്ലാ പഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കുന്ന പാനലിൽ നിന്നുള്ള എക്സി.എഞ്ചിനീയറാണ് പദ്ധതി നിർവ്വഹണത്തിന് മേൽനോട്ടം വഹിച്ചത് . ടിയാളുമായി സാധുതയുള്ള കരാർ ചമച്ചിട്ടില്ല. മുദ്രപത്രത്തിൽ ഒപ്പിട്ടുകാണുന്നുവെങ്കിലും ആയതിൽ കരാർ വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല.

ജില്ലാ പഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പ് ഡിവിഷൻ എക്സി.എഞ്ചിനീയറുടെ 1.3.2017 ലെ D1–537/16-17 നം. കത്തു മുഖേന മേൽനോട്ടത്തിനും മൂന്നംഗ ഇലക്ട്രിക്കൽ കമ്മിറ്റിക്കുള്ള പ്രതിഫലവുമായി

4% നിരക്കിൽ സൂപ്പർവിഷൻ ചാർജ്ജ് നൽകണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് ഫൈനൽ ബിൽ തുകയുടെ 4% ആയ 70328 രൂപ എം.ബുക്കിൽ (82/16-17) രേഖപ്പെടുത്തിയിരിക്കുന്നു. ഫൈനൽ ബിൽ തുകയിൽ മേൽനോട്ടം വഹിച്ച എഞ്ചിനീയറുടെ പ്രതിഫല തുക കൈമാറിയതിന്റെ രശീതോ മറ്റു വിശദാംശങ്ങളോ ഫയലിനോടൊപ്പമില്ല. സർക്കാർ ഉത്തരവു പ്രകാരം എസ്റ്റിമേറ്റിന്റെ 3% പ്രതിഫലത്തുക മേൽനോട്ടം വഹിച്ച എഞ്ചിനിയർക്കും 1% മൂന്നംഗ ഇലക്ട്രിക്കൽ കമ്മിറ്റിക്കുള്ള ഹോണറേറിയവുമാണ്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 12 /20.09.2017

## 3-12 കുടിവെള്ളത്തിനായി ബോർവെല്ലുകൾ സ്ഥാപിച്ചു - പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

പദ്ധതി നം 85 /17 കുടിവെള്ളത്തിന് പുതിയ ബോർവെല്ലുകൾ സ്ഥാപിക്കൽ.
മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ട്രഷറി ബിൽ നം. 28 /30.3.17

അടങ്കൽ തുക 400419 രൂപ

ചെലവ് 392466 രൂപ

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

സർക്കുലർ നമ്പർ 1 /1559/2010 /സിജി / തസ്വഭവ 13.11.2014 ലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(i) ഫൈനൽ ബിൽ തയ്യാറാക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിരിക്കേണ്ടതാണ് എന്ന നിബന്ധന പാലിച്ചിട്ടില്ല. ഗുണഭോക്തൃസമിതിയുടെ മിനിട്ട്സിൽ രൂപീകരണയോഗത്തിന്റെ വിശദാംശം മാത്രമേയുള്ളൂ. പദ്ധതി നടത്തിപ്പും ലക്ഷ്യപ്രാപ്തിയും ഗുണഭോക്തൃസമിതി വിലയിരുത്തി രേഖപ്പെടുത്തിയിട്ടില്ല.

(ii) ഭൂജലവകുപ്പ് ജില്ലാ ഓഫീസിൽ 14000 രൂപ സർവ്വേ ചാർജ്ജ് അടച്ച് 8 സ്ഥലങ്ങളിൽ വെള്ളം ലഭിക്കാനുള്ള സാധ്യത കണ്ടെത്തിയിരുന്നുവെങ്കിലും 3 ബോർ വെല്ലുകളാണ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയത്. വാർഡുകൾ 5, 10, 18 ൽ താഴ്ത്തിയ മേൽ ബോർവെല്ലുകളിൽ കുടിവെള്ളം ലഭ്യമായോ എന്ന വിവരം എവിടെയും രേഖപ്പെടുത്തിയിട്ടില്ല. MB No. 86/17 പ്രകാരം ആകെ ചെലവ് തുക 392446 രൂപയിൽ 89766 രൂപ ബോർവെൽ താഴ്ത്തുന്ന ഇനത്തിൽ ചെലവായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം 14/18.9.17) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 89766 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-13 ഗുണഭോക്തൃസമിതി പ്രവൃത്തി - ചെലവു രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ 21/17 (SO)

എസ്.സി.പി.ഫണ്ട് അടങ്കൽ തുക 100000

നടവരമ്പ് വാട്ടർ സപ്ലൈ സ്കീം -മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിക്കായി 92,987 രൂപ ചെലവഴിച്ചു. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മേൽ പദ്ധതി ഫയലിനോടൊപ്പം മസ്റ്റർ

റോളുകൾ, വൗച്ചറുകൾ, ബില്ലുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ചെലവിന്റെ സാധുത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. 13.11.2014 ലെ ഗവ.സർക്കുലർ നം 1/1559/സിഇ/തസ്വഭവ യിലെ നിർദ്ദേശം പാലിക്കേണ്ടതാണ്. ചെലവുരേഖകളുടെ അഭാവത്തിൽ 92,987 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ഓഡിറ്റ് അന്വേഷണം നം 14 / 19.9.2017

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 410000 | സമഗ്ര നെൽകൃഷി വികസനം | 410000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 324000 | ആട്ടുഗ്രാമം | 324000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 178000 | പാൽ കർഷകർക്കുള്ള സബ്സിഡി | 178000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 52665 | കല്ലുംകുന്ന് എസ്.ടി കോളനി നവീകരണം | 52665 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ചെക്ക് നം. തുക | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കലും സ്ട്രീറ്റ് മെയിൻ | 47/29.3.17 | 140339 | - | 140339 |
| | | 21/22.12.16 | 243800 | - | 243800 |
| | | 32/10.3.17 | 265000 | - | 265000 |

| | | | | | |
|---|---|---|---|---|---|
| | ദീർഘിപ്പിക്കലും | വൗച്ചർ നം.1317 തീയതി 29.3.17 | 150861 | - | 150861 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക മുതൽ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ലോൺ | 943/12 തീയതി 29.3.12 | 6507500 | 2365000 | 850000 | 1515000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2007-08 | 3-4 | 250 | എം.എഫ് ജോസ് | 11602100423/18.4.16 |
| 2007-08 | 3-8 | 400 | ഇ.എം തോമസ്, അസി.എഞ്ചിനീയർ | 11602100453/19.4.16 |
| ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല | 8000 | ഗ്രൂപ്പ് ഡയറക്ടർ, *IKM,* | 11602500013/3.8.16 |

| | | | | |
|---|---|---|---|---|
| | | | തിരുവനന്തപുരം | |
| ലഭ്യമായിട്ടില്ല | ലഭ്യമായിട്ടില്ല | 296 | ഊർമ്മിള | 11602103919/15.12.16 |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 49792928 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 46541471 |
| വരവിനങ്ങളിലുള്ള നഷ്ടം | 459 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1184973 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-5 | 459 | കെ.എഫ് ആന്റണി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(A) | 49300 | സ്റ്റെല്ല മരിയ, ഹെഡ്മിസ്ട്രസ് |
| 3-2(B) | 47200 | സ്റ്റെല്ല മരിയ, ഹെഡ്മിസ്ട്രസ് |
| 3-8 | 875000 | കെ.എഫ് ആന്റണി, സെക്രട്ടറി |
| 3-9 | 30720 | സ്റ്റെല്ല മരിയ, ഹെഡ്മിസ്ട്രസ് |
| 3-12 | 89766 | ശ്രുതി എൻ സുബ്രഹ്മണ്യൻ, അസി.എൻജിനീയർ |
| 3-13 | 92987 | ശ്രുതി എൻ സുബ്രഹ്മണ്യൻ, അസി.എൻജിനീയർ |
| ആകെ | 1184973 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.എഫ് ആന്റണി, സെക്രട്ടറി | സെക്രട്ടറി, വേളൂക്കര ഗ്രാമപഞ്ചായത്ത് | കുളിയാട്ടിൽ വീട്, കോട്ടപ്പുറം.പി.ഒ |

## 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68 | എൽ.എഫ്.ടി.എസ്.2-1391/11/ തിയതി 26.07.2011/ 23.10.2011 |
| 71-72 | |
| 72-73 | |
| 73-74 | |
| 74-75 | |
| 75-76 | |
| 76-77 | |
| 77-78 | |
| 80-81 | |
| 81-82 | |
| 82-83 | |
| 83-84 | |
| 85-86 | |
| 86-87, 87-88 | |
| 88-89 | |

| | |
|---|---|
| 89-90 | |
| 90-91 | |
| 91-92 | |
| 92-93,93-94 | എൽ.എഫ്.ടി.എസ്.2-1391/11 /തിയതി26.07.2011/23.10.2011 |
| 96-97 | എൽ.എഫ്.ടി.12-340/98/15.12.1998 |
| 97-98 | എൽ.എഫ്.ടി.9-815/99/12.01.2000 |
| 98-99 | എൽ.എഫ്.ടി.9-599/2000/02.09.2000 |
| 99-00 | എൽ.എഫ്.ടി.9-478/01/06.07.2001 |
| 2000-01 | എൽ.എഫ്.ടി.9-898/02/08.03.2002 /31.03.2003 |
| 01-02 | എൽ.എഫ്.ടി.9-898/02/08.03.2002 /31.03.2003 |
| 02-03 | എൽ.എഫ്.ടി.(പി.1)-493/12/29.02.2012 /28.03.2012 |
| 03-04 | എൽ.എഫ്.ടി.9-1447/05/11.01.2006 /25.05.2006 |
| 04-05 | എൽ.എഫ്.ടി.9-1678/08/26.08.2010 |
| 05-06 | എൽ.എഫ്.ടി.9-1679/08/28.08.2010 /12.11.2010 |
| 06-07 | എൽ.എഫ്.ടി.9-638/10/15.12.2010/01.08.2011 |
| 07-08 | എൽ.എഫ്.ടി.പി.2- 576/12/22.09.2012 /28.11.2012 |
| 08-09 | എൽ.എഫ്.ടി.പി.-577/12/03.09.2012 /28.11.2012 |
| 09-10 | എൽ.എഫ്.ടി.പി.2-578/12/04.09.2012 /28.11.2012 |
| 10-11 | എൽ.എഫ്.ടി.പി.2-579/12/04.09.2012 /28.11.2012 |
| 11-12 | എൽ.എഫ്.ടി.പി.1-894/2013/02.01.04 |
| 12-13 | എൽ.എഫ്.ടി.(പി.1)-1027/14 /04.02.14/1.04.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ(പി1)194/16 /18.2.2016 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(പി1)1226/16,24.7.16 /30.7.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ(പി1)2148/16,31.1.17/ 13.2.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)1518/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി: 30.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA-TSR(P1)1518/2017

Kerala State Audit Department

District Audit Office
Thrissur-680 020

Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in

Date: 30.11.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Velookkara Grama Panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Velookkara Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur